## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

14/07/2014-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 7547

### ആശ്രയ പദ്ധതി- രണ്ടാം ഘട്ടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. കെ. മുരളീധരൻ :<br>ശ്രീ. ഷാഫി പറമ്പിൽ : | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| (എ) ആശ്രയ പദ്ധതി വിപുലീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. ഒന്നാം ഘട്ട ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത അർഹരായ മുഴുവൻ ഗുണഭോക്താക്കളെയും ഉൾപ്പെടുത്തി ആശ്രയ പദ്ധതി വിപുലീകരിച്ച് രണ്ടാം ഘട്ട പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഏത് ഏജൻസിവഴിയാണ് പദ്ധതി നടപ്പാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) കുടുംബശ്രീ, വിവിധ സർക്കാർ വകുപ്പുകൾ, എന്നിവ കൂടാതെ പൊതുജനങ്ങളുടെയും സഹകരണത്തോടെയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. |
| (സി) രണ്ടാംഘട്ടം ആരംഭിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിഷ്ക്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾ ഒഴിവാക്കിയിട്ടുണ്ടോയെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കുമോ? | (സി) ഒന്നാം ഘട്ടത്തിൽ അനുവദിച്ച തുകയുടെ 50% എങ്കിലും ചെലവഴിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ് രണ്ടാം ഘട്ടം ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നത്. ഈ വ്യവസ്ഥ ഒഴിവാക്കി അർഹരായ മുഴുവൻ പേരെയും ഉൾപ്പെടുത്തി രണ്ടാം ഘട്ടം ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ